## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :7997 | 16.07.2014 ൽ മറുപടിക്ക്

## പരമ്പരാഗത വ്യവസായങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പരമ്പരാഗത വ്യവസായങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) കൈത്തറി വ്യവസായം, കശുവണ്ടി വ്യവസായം , കയർ വ്യവസായം , ഖാദി ഗ്രാമവ്യവസായങ്ങൾ , കരകൗശലമേഖല, ഈറ്റ-പനമ്പ് വ്യവസായങ്ങൾ എന്നിവയെ പരമ്പരാഗത വ്യവസായങ്ങളായി കണക്കാക്കിവരുന്നു |
| (ബി) ഇത്തരത്തിലുള്ള വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ എണ്ണം എത്രയാണെന്ന് വിശദമാക്കാമോ; | (ബി) പരമ്പരാഗത വ്യവസായമായ കൈത്തറി മേഖലവഴി ഏകദേശം 50433 പേർക്കും ഖാദിഗ്രാമവ്യവസായമേഖല വഴി ഏകദേശം 174711 പേർക്കും പരമ്പരാഗത കരകൗശല മേഖല വഴി ഏകദേശം മൂന്നു ലക്ഷം പേർക്കും പരമ്പരാഗത കശുവണ്ടി വ്യവസായ മേഖലയുമായി ബന്ധപ്പെട്ട് പൊതുമേഖലാ സ്ഥാപനമായ കേരളകശുവണ്ടി വികസന കോർപറേഷൻ, സഹകരണസ്ഥാപനമായ കാപെക്സ് എന്നിവ വഴി ഏകദേശം 18723 തൊഴിലാളികൾക്കും പരമ്പരാഗത കയർവ്യവസായമേഖല മുഖേന ഏകദേശം 3.75 ലക്ഷം പേർക്കും തൊഴിൽ ലഭിക്കുന്നതായി കണക്കാക്കുന്നു. |
| (സി) പരമ്പരാഗത വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്? | (സി) പരമ്പരാഗത കൈത്തറി വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിന് സബ്സിഡി നൽകുകയും അവ ന്യായ വിലയ്ക്ക് യഥാസമയം ലഭിക്കുന്നതിനായി യാൺ ബാങ്കുകൾ പ്രവർത്തിപ്പിക്കുകയും ചെയ്യുന്നു. കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനായി സബ്സിഡി നൽകുകയും ഫാക്ടറി ടൈപ്പ് പ്രാഥമിക കൈത്തറി സംഘങ്ങൾ പുനരുദ്ധരിക്കുന്നതിനായി സഹായം നൽകുകയും ചെയ്തുവരുന്നു. വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി ഉത്സവ സീസണുകളിൽ ജില്ലകൾതോറും കൈത്തറി പ്രദർശനങ്ങൾ വിൽപന മേളകൾ എന്നിവ സംഘടിപ്പിക്കുന്നു. കൈത്തറി നെയ്ത്തു സംഘങ്ങൾക്കും ഫാക്ടറി ടൈപ്പ് സംഘങ്ങൾക്കും പ്രീലൂം പ്രോസസിംഗിൽ ഭാഗിക യന്ത്രവത്കരണത്തിന് 100% ഗ്രാന്റ് |

നൽകുന്നു. കൈത്തറി നെയ്ത്തുകാർക്ക് സാങ്കേതിക മികവ് വർദ്ധിപ്പിക്കുന്നതിനായി പരിശീലനം നൽകുന്നു.നെയത്തുകാർക്ക് തറി അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനായി ഗ്രാന്റ് നൽകുന്നു.

കയർമേഖലയിൽ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിന് പുനരുദ്ധാരണ പദ്ധതി പ്രകാരവും അടിസ്ഥാന സൌകര്യ വികസന പദ്ധതി പ്രകാരവും ധനസഹായം അനുവദിക്കുന്നുണ്ട്. തൊണ്ടു സംഭരണം ശക്തമാക്കുവാൻ കയർപിരി സംഘങ്ങൾക്ക് റിവോൾവിങ് ഫണ്ട് അനുവദിക്കുന്നുണ്ട്. തൊണ്ട് സംഭരണ പദ്ധതി പരിഷ്കരിച്ച് നടപ്പാക്കി വരുന്നു. മിനി ഡീഫൈബറിങ് മെഷീൻ സഹകരണ സംഘങ്ങൾക്ക് സൗജന്യമായും സ്വകാര്യ ഉൽപാദകർക്ക് സബ്സിഡി നിരക്കിലും നൽകിവരുന്നു. ഉൽപാദനവും വിപണന പ്രചോദനവും പദ്ധതി പ്രകാരം സഹകരണസംഘങ്ങൾക്ക് ധനസഹായം നൽകിവരുന്നു. വിപണി വികസന സഹായ പദ്ധതി പ്രകാരം സഹകരണസംഘങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും ധനസഹായം നൽകുന്നു. ഡീഫൈബറിങ് മില്ലുകളുടെ നവീകരണം, പുനരുദ്ധാരണം, പുതിയവ സ്ഥാപിക്കൽ എന്നിവയ്ക്ക് ധനസഹായം നൽകുന്നു. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം മിനിമം കൂലിയുടെ ഒരു വിഹിതം സർക്കാർ വകയായി നൽകുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. സ്വകാര്യ സംരഭകർക്ക് മാർജിൻമണി വായ്പ, സ്പെഷ്യൽ ഇൻസെന്റീവ് സബ്സിഡി എന്നിവ നൽകുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

കര കൗശല തൊഴിൽ മേഖലയുടെ പുരോഗതിക്കായി അർഹതപ്പെട്ട കരകൗശലതൊഴിലാളികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ സാമ്പത്തിക സഹായം നൽകി വരുന്നു. രാജീവ് ഗാന്ധി ശിൽപി സ്വസ്തി യോജന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പ്രകാരം കര കൗശലതൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകിവരുന്നുണ്ട്. കര കൗശല മേഖലയിലെ തൊഴിലാളികൾക്കായി ഈ മേഖലയിലെ സഹകരണ അപെക്സ് സ്ഥാപനമായ സുരഭി സർക്കാർ സഹായത്തോടെ ഹെൽത്ത് ഇൻഷ്വറൻസ് സ്കീം, എ.എച്ച്.വി.വൈ സ്കീം, സ്കിൽ അപ്ഗ്രഡേഷൻ ട്രെയിനിങ്, ക്ലസ്റ്റർ ഡെവലപ്പമെന്റ് പ്രോഗ്രാം എന്നിവ

നടത്തിവരുന്നു. കേരള ആർട്ടിസാൻസ് ഡെവലപ്പമെന്റ് കോർപറേഷന്റെ പരിധിയിൽ വരുന്ന ആർട്ടിസാൻസ് കുടുംബങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി ആർട്ടിസാൻസ് വനിതകൾ ക്കായി ഒട്ടനവധി തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ വിവിധ ജില്ലകളിൽ സർക്കാരിന്റെ ധനസഹായ ത്തോടെ കാഡ്കോ നടത്തി വരുന്നു. ബാംബൂ കോർപറേഷന്റെ കീഴിലുള്ള ഈറ്റ-പനമ്പ്-നെയ്ത്ത് തൊഴിലാ ളികൾക്ക് മിനിമം വേതനം ഏർപ്പെടുത്തി യിട്ടുണ്ട്.

പരമ്പരാഗത കശുവണ്ടി മേഖലയിലെ പൊതുമേഖലാ സ്ഥാപനമായ കശുവണ്ടി വികസന കോർപറേഷനിലേയും സഹക രണസ്ഥാപനമായ കാപെക്സിലേയും തൊഴിലാളികൾക്ക് ശമ്പളം, ഡി.എ, ലീവ് ആനുകൂല്യങ്ങൾ, ബോണസ്, പി.എഫ്, ഇ.എസ്.ഐ, ക്ഷേമനിധി, ഗ്രാറ്റുവിറ്റി തുടങ്ങിയ ആനുകൂല്യങ്ങൾ നൽകിവരുന്നു.

സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടുകൂടി ഖാദി ഗ്രാമ വ്യവസായ ബോർഡ് നടപ്പിലാക്കി വരുന്ന പ്രത്യേക തൊഴിൽദാന പദ്ധതി പ്രകാരം പരമ്പരാഗതവ്യവസായ തൊഴിലാളികൾക്ക് നിശ്ചിത തുക മാർജിൻമണി ഗ്രാന്റായി നൽകിവരുന്നുണ്ട് . ഗ്രാമവ്യവസായ ത്തിൽപ്പെടുന്ന കുമ്മായം, കളിമൺപാത്രം, കരിപ്പട്ടി, പനംകൽക്കണ്ടം, സോപ്പ് തുടങ്ങിയ വ്യവസായങ്ങൾക്ക് പുനരുജ്ജീവന പരിപാടികൾ ആവിഷ്കരിക്കുന്നതിനായി സർക്കാർ സാമ്പത്തിക സഹായം നൽകി വരുന്നു. ഖാദിതൊഴിലാളികൾക്ക് സംസ്ഥാന സർക്കാർ അനുവദിക്കുന്ന തുക ഉപയോഗിച്ച് മിനിമം വേതനം നൽകിവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ